**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2019

## മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (ആയുഷ് കോഴ്സുകൾ ഒഴികെ)

## കേന്ദ്രീകൃത അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (ആയുഷ് കോഴ്സുകൾ ഒഴികെ) കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **26.07.2019 ന്** ആരംഭിച്ചു. എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളുടെ രണ്ടാംഘട്ട അലോട്ട്മെന്റും അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് കോഴ്സുകളുടെ മൂന്നാംഘട്ട അലോട്ട്മെന്റുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ (ആയുഷ് കോഴ്സുകൾ ഒഴികെ) നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും അഖിലേന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് തിരികെ ലഭിച്ചേയ്ക്കാവുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കും എം.ബി.ബി.എസ് വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള നാല് കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് എം.ബി.ബി.എസ് കോഴ്സിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **29.07.2019** (തിങ്കളാഴ്ച) വൈകുന്നേരം **5.00** മണിവരെ ലഭ്യമാകുന്നതാണ്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മുൻ ഘട്ട അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടാത്തവരുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങിയവരുടെയും അതത് സ്ട്രീമിൽ ഉണ്ടായിരുന്ന ഹയർ ഓപ്ഷനുകൾ റദ്ദായിട്ടുണ്ട്. കൂടാതെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനം നേടിയവരുടെ പട്ടിക മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റിയിൽ നിന്ന് ലഭിച്ചാൽ പ്രസ്തുത പട്ടികയിലുള്ള വിദ്യാർത്ഥികളെ സംസ്ഥാനത്തെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ (ആയുഷ് കോഴ്സുകൾ ഒഴികെ) ഓൺലൈൻ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് എം.ബി.ബി.എസ് കോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം വെബ്സൈറ്റിൽ **29.07.2019** (തിങ്കളാഴ്ച) വൈകുന്നേരം **5.00** മണിവരെ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (ആയുഷ് കോഴ്സുകൾ ഒഴികെ) ഓൺലൈൻ അലോട്ട്മെന്റ് **31.07.2019** ന് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **01.08.2019** മുതൽ **05.08.2019** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **05.08.2019 വൈകുന്നേരം 5.00 മണി**യ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

12.07.2019 ൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച IA 95861/2019WP(C) No.380/2019 പ്രകാരവും 25.07.2019 ലെ കേരളാ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ S3/119/2019 കത്ത് പ്രകാരവും സ്വാശ്രയ മെഡിക്കൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ബാങ്ക് ഗ്യാരന്റി നൽകേണ്ടി വന്നേക്കാം.

**മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (ആയുഷ് കോഴ്സുകൾ ഒഴികെ) അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| 26.07.2019 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 29.07.2019<br>(5.00 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **31.07.2019** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 01.08.2019 to<br>05.08.2019 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് വഴിയോ, ഓൺലൈനായോ ഫീസ്/ബാക്കി തുക(ബാധകമെങ്കിൽ) ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 05.08.2019<br>(5.00 pm) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ (ആയുഷ് കോഴ്സുകളൊഴികെ) നിലവിലുള്ള ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. മുൻപ് അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിനായി പരിഗണിക്കുന്ന തല്ല.** മുൻ അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച് ഇപ്പോൾ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്നവർ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത പക്ഷം അവരുടെ നിലവിലെ അഡ്മിഷൻ നിലനിർത്തുന്നതായിരിക്കും.

എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്താതിരുന്ന താഴെ പറയുന്ന കോളേജുകളിലേയ്ക്ക് (കഴിഞ്ഞ ഘട്ടത്തിൽ രജിസ്ട്രേഷൻ നടത്താത്തവർ) വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

| Sl. No. | College Code | Name of College | Tuition Fees 85% seats | Tuition Fees 15% NRI seats |
|---|---|---|---|---|
| **Private Self Financing Medical Colleges [MBBS]** | | | | |
| 1 | KMM | Karuna Medical College Vilayodi, Chittur, Palkkad | Rs. 5,94,594/- | Rs. 20,00,000/- |
| 2 | SIM | Sree Narayana Institute of Medical Sciences, Chalaka, North Kuthiyathodu, Ernakulam | Rs. 7,19,246/- | Rs. 20,00,000/- |
| 3 | MZM | Mount Zion Medical College, Chayalode, Adoor, Pathanamthitta | Rs. 6,11,325/- | Rs. 20,00,000/- |
| 4 | SUC | SUT Academy of Medical Sciences, Vattappara, Thiruvananthapuram | Rs. 5,85,200/- | Rs. 20,00,000/- |

**കുറിപ്പ്:**

*1) പുതുതായി അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് എല്ലാ വിദ്യാർത്ഥികൾക്കും (ഇതുവരെ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവർക്കും) ഓപ്ഷൻ രജിസ്റ്റർചെയ്യാവുന്നതാണ്.*

*2) പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള NRI/കമ്മ്യൂണിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലെ NRI/ കമ്മ്യൂണിറ്റി സീറ്റുകളിലേയ്ക്ക് ഓപ്ഷൻ നൽകാവുന്നതാണ്.*

*3)അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ/നിലനിർത്താൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*

*3) വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 29.07.2019 ന് ഉച്ചയ്ക്ക് 1.00 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല. അവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

05.08.2019 **ന് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ 2019 ആഗസ്റ്റ് 08, 09 തീയതികളിൽ മോപ്പ്-അപ്പ് കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ നികത്തുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in, www.cee-kerala.org **എന്നീ വെബ്സൈറ്റുകളിൽ** ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

26 .07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**